ശ്രീ. ഇ. എം. അഗസ്തി : ഇന്നു രാവിലെ ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ പ്രസംഗിക്കുമ്പോൾ അദ്ദേഹം എന്നെപ്പറ്റി ഒരു പരാമർശം നടത്തി. മുല്ലപ്പെരിയാർ ഡാമിനെ സംബന്ധിച്ചാണ്. ഡാമിന് സുരക്ഷിതത്വ ഭീഷണിയില്ല എന്ന് ഞാൻ അദ്ദേഹത്തോട് പറഞ്ഞുവെന്ന് അദ്ദേഹം പറഞ്ഞു. വളരെ തെറ്റിദ്ധാരണാജനകമായ കാര്യമാണ്. ഞാൻ അങ്ങനെ പറഞ്ഞിട്ടില്ല. ഞാൻ പറഞ്ഞ വാചകം 2001 ജനുവരി 1-ാം തീയതി സബ്ജക്ട് കമ്മിറ്റി III - ന്റെ ചെയർമാനായ ശ്രീ. വി. പി. രാമകൃഷ്ണപിള്ളയും ഞാനും ആ ഡാം സന്ദർശിച്ചിരുന്നു. ആ അവസരത്തിൽ ഡാമിന് അപകട ഭീഷണിയൊന്നുമില്ല എന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. തെറ്റിദ്ധാരണാജനകമായാണ് ഡെപ്യൂട്ടി സ്പീക്കർ എന്നെപ്പറ്റി പറഞ്ഞത്. ഞാൻ അങ്ങനെ പറഞ്ഞിട്ടില്ല.

VII വ്യക്തിപരമായ വിശദീകരണം

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

സർ, ഇവിടെ എന്റെ സ്നേഹിതൻ ശ്രീ. ഡൊമിനിക് പ്രസന്റേഷൻ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സംസാരിച്ച ഒരു പ്രശ്നത്തിന് ഒരു വിശദീകരണം ആവശ്യമാണെന്ന് ഞാൻ കണക്കാക്കുകയാണ്. അതിന് സമയം വേണമെന്ന് ഞാൻ ആവശ്യപ്പെട്ടിരുന്നു. ഏതായാലും ഒരു വ്യക്തത വന്നോട്ടെ. 12-3-1992-ലെ കേരളാ ഗവൺമെന്റിന്റെ ഉത്തരവിലൂടെ വൈദ്യുതി ഉൽപ്പാദനരംഗത്ത് സ്വകാര്യ പങ്കാളിത്തം അനുവദിക്കാവുന്ന നയം സ്വീകരിച്ചു. ഇതനുസരിച്ച് 1993 ഡിസംബറിനും 1996 ജനുവരിക്കുമിടയിലുമായി 9 ഐ. പി. പി. കാർക്ക് എം. ഒ. യു. ഒപ്പുവച്ചിട്ടുണ്ട്. ഇതിൽ ഒന്നു മാത്രമാണ് കണ്ണൂർ പവ്വർ പ്രോജക്ട്. ഇൻഡ്യയിലെ വിവിധ സംസ്ഥാനങ്ങളിലും ഇത്തരത്തിലുള്ള ഫാസ്റ്റ് ട്രാക്ക് പ്രോജക്ടുകൾ നടപ്പിലാക്കാൻ കേന്ദ്ര ഗവൺമെന്റ് ആ ഘട്ടത്തിൽ തീരുമാനിക്കുകയുണ്ടായി. അത്തരത്തിലുള്ള പ്രോജക്ടുകൾക്ക് കേന്ദ്ര ഗവൺമെന്റ് കൗണ്ടർ ഗ്യാരന്റി നൽകുന്നുവെന്നതായിരുന്നു പ്രത്യേകത. എന്നാൽ വിവിധ കാരണങ്ങളാൽ ആ ഫാസ്റ്റ് ട്രാക്ക് പദ്ധതികളിൽ മഹാരാഷ്ട്രയിലുള്ള എൻറോൺ പദ്ധതിയൊഴികെ മറ്റൊന്നും ഇൻഡ്യയിൽ നിലവിൽ വന്നില്ല. മഹാരാഷ്ട്രയിൽ എൻറോൺ വന്നതിന്റെ ദുരന്താനുഭവം നമ്മുടെ മുന്നിൽ ഉണ്ടുതാനും. ഇൻഡ്യയിലെ ഇലക്ട്രിസിറ്റി ബോർഡുകളിൽ ഒന്നാമതായി പ്രവർത്തിച്ചു വന്നിരിക്കുന്ന മഹാരാഷ്ട്ര സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ആർക്കും രക്ഷിക്കാനാകാത്തവിധം അതിഗുരുതരാവസ്ഥയിൽ എത്തിയിട്ടുള്ള കാര്യം തർക്കമില്ലാതെ ഏകകണ്ഠമായി കണക്കാക്കുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. ഇന്നത്തെ അനുഭവത്തിന്റെ പശ്ചാത്തലത്തിൽ കണ്ണൂർ പവ്വർ പദ്ധതി എൻറോണിനെ സാമ്പത്തിക പങ്കാളിയാക്കിക്കൊണ്ടുള്ള നിർദ്ദേശവുമായി ഗവൺമെന്റിന്റെ മുൻപിൽ വന്നു. എന്നാൽ മഹാരാഷ്ട്രയിലെ പദ്ധതിയുടെ അനുഭവത്തിന്റെ പശ്ചാത്തലത്തിൽ നയപരമായുള്ള പങ്കാളിത്തം അനുവദിക്കാനാകില്ല എന്ന് ഗവൺമെന്റ് തീരുമാനിച്ചു. ഈ ഘട്ടത്തിൽ കേരളത്തിന്റെ വികസനത്തിന് ഗവൺമെന്റ് എതിരാണ്, എന്നൊക്കെയുള്ള അഭിപ്രായങ്ങളും ശ്രീ. നമ്പ്യാർ ആ ഘട്ടത്തിൽ പത്രസമ്മേളനം

LIBRARY ARCHIVES Kerala Legislative Assembly

നടത്തി വിമർശിച്ചിട്ടുണ്ട്. അന്ന് ശ്രീ. നമ്പ്യാർ പറഞ്ഞതനുസരിച്ച് എൻറോണിനെ നമ്മൾ സ്വീകരിച്ചിരുന്നുവെന്ന് വിചാരിക്കുക. എങ്കിൽ ഈ ഗവൺമെന്റിന് ചരിത്രം ഒരിക്കലും മാപ്പു നൽകുമായിരുന്നില്ല. അതുകൊണ്ട് എൻറോണിനെ പങ്കാളിയാക്കില്ല എന്ന നയപരമായ തീരുമാനവും ഇന്നത്തെ ലോക സാഹചര്യത്തിന്റെ പശ്ചാത്തലത്തിൽ കേരളാഗവൺമെന്റ് എടുത്തിട്ടുള്ള നയപരമായ തീരുമാനവും കാലവും ചരിത്രവും സാക്ഷിനിർത്തി ശരി വച്ചിരിക്കുകയാണ്. തുടർന്ന് 1999 ഒക്ടോബറിൽ മൗറീഷ്യസ് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന 'കോർടെക്' എന്ന കമ്പനിയെ പങ്കാളിയാക്കിക്കൊണ്ടുള്ള നിർദ്ദേശം ശ്രീ. നമ്പ്യാർ ഗവൺമെന്റിന്റെ മുന്നിൽ വച്ചു. കോർടെക് കമ്പനി ശ്രീ. നമ്പ്യാർക്ക് മെജോറിറ്റി ഷെയർ ഉള്ള കമ്പനിയാണ്. ഈ കമ്പനിയുടെ ആതറൈസ്ഡ് ക്യാപിറ്റൽ എന്നുപറയുന്നത് ഒരു ലക്ഷം ഡോളറാണ്. (അതായത് 50 ലക്ഷം രൂപ) പെയ്ഡ് അപ് ക്യാപിറ്റൽ 5000 ഡോളറുമാണ്. (അതായത് രണ്ടു ലക്ഷം രൂപ) ആയിരത്തിയഞ്ഞൂറോളം കോടി രൂപ ചെലവു വരുന്ന പദ്ധതി നടപ്പിലാക്കാൻ കമ്പനിക്ക് സാമ്പത്തികമായി ശേഷിയില്ല എന്നും ആയതിനാൽ ആറു മാസത്തിനുള്ളിൽ ഗവൺമെന്റിന് സ്വീകാര്യമായ സാമ്പത്തിക പങ്കാളിയെ കൊണ്ടുവരും എന്ന നിബന്ധനയ്ക്ക് വിധേയമായി ടെക്നോ ഇക്കണോമിക് ക്ലിയറൻസിന് ശുപാർശ ചെയ്യാനുള്ള നിർദ്ദേശത്തോടുകൂടിയാണ് ഗവൺമെന്റിന്റെ മുമ്പിൽ വരുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് ടെക്നോ ഇക്കണോമിക് ക്ലിയറൻസിന് ശുപാർശ ചെയ്തു. തുടർന്ന് 16-2-2000-ത്തിൽ സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിയിൽ നിന്നും ടെക്നോ ഇക്കണോമിക് ക്ലിയറൻസ് ലഭിച്ചു. ഇതിൻപ്രകാരം 2000 ആഗസ്റ്റ് മാസത്തിനുള്ളിൽ പുതിയ സാമ്പത്തിക പങ്കാളിയെ കൊണ്ടുവരണം എന്നാണ് നിർദ്ദേശിച്ചിരുന്നത്. എന്നാൽ ജൂണിനും ആഗസ്റ്റിനുമിടയിൽ പങ്കാളിയെ കൊണ്ടു വരാൻ കഴിഞ്ഞില്ല. 2000 ഡിസംബർ വരെ സമയം വേണമെന്ന് ശ്രീ. നമ്പ്യാർ ആവശ്യപ്പെട്ടു. ഗവൺമെന്റ് അത് അംഗീകരിച്ചു. എൻറോൺ ഒഴിവായ സാഹചര്യത്തിൽ ഒരു മൾട്ടി നാഷണൽ ആയിട്ടുള്ള അമേരിക്കൻ കമ്പനിയായ എൽപാസോയെ സാമ്പത്തിക പങ്കാളിയാക്കിക്കൊണ്ടുള്ള ആവശ്യം ഗവൺമെന്റിന്റെ മുമ്പിൽ വരുന്നത് 2000 ജൂലൈയിലാണ്. ഈ കാര്യത്തിൽ അമേരിക്കൻ ബഹുരാഷ്ട്രകുത്തകയായ എൽപാസോയെ അംഗീകരിക്കുന്നതിനു മുമ്പ് വളരെ ഗൗരവമായ കാര്യങ്ങൾ ഗവൺമെന്റിന് പരിശോധിക്കേണ്ടതായിട്ടുണ്ട്. ഈ കാര്യത്തിൽ ഗവൺമെന്റ് ഒരു കാലതാമസവും ഒരു ഘട്ടത്തിലും വരുത്തിയിട്ടില്ല എന്ന് ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇവിടെ പ്രശ്നം കണ്ണൂർ പദ്ധതിക്ക് ടെക്നോ ഇക്കണോമിക് ക്ലിയറൻസ് നൽകുമ്പോൾ സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി തന്നെ ചില നിബന്ധനകൾ മുന്നോട്ടു വച്ചിട്ടുണ്ട്. ആ നിബന്ധനകൾ പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണെന്ന് സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി നിഷ്കർഷിച്ചിരിക്കുകയാണ്. അതിലെ ഒരു വ്യവസ്ഥ, 18-1-2000-ത്തിലെ സർക്കാർ കത്തിൽ വ്യക്തമാക്കിയിട്ടുള്ളതുപോലെ പദ്ധതിയുടെ പവർ പർച്ചേസ് എഗ്രിമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

കാലാവധി മുഴുവൻ ഈ ജനറേറ്റിംഗ് കമ്പനിയിൽ നിന്നും കെ. പി. പി. നമ്പ്യാർ ആന്റ് അസോസിയേറ്റ്സിനും കോർടെക് കോർപ്പറേഷനും കൂടി മൊത്തം പദ്ധതി ചെലവിന്റെ 11 ശതമാനമെങ്കിലും ഇകിറ്റി ഉണ്ടായിരിക്കണമെന്ന് ഉറപ്പുവരുത്തണമെന്ന് സി. ഇ. എ. കേന്ദ്ര ഇലക്ട്രിസിറ്റി അതോറിറ്റി പറഞ്ഞിരുന്നതാണ്. അതായത്, 1,500 കോടി രൂപയാണ് ടോട്ടൽ പ്രോജക്ട് കോസ്റ്റ്. ഇതിൽ 11 ശതമാനം ഇകിറ്റി പ്രൊമോട്ടർക്ക് ഉണ്ടായിരിക്കണമെന്ന് കേന്ദ്ര ഇലക്ട്രിസിറ്റി അതോറിറ്റിയാണ് ആവശ്യപ്പെട്ടിരിക്കുന്നത്. അദ്ദേഹത്തിന്റെ പെയ്ഡ് അപ് ക്യാപിറ്റലും, ആതറൈസ്ഡ് ക്യാപിറ്റലും ഞാൻ ആമുഖത്തിൽ പറഞ്ഞത് വ്യക്തമാണ്. ഒരെണ്ണത്തിന് 50 ലക്ഷവും കോർട്ടെകിന് രണ്ടു ലക്ഷം രൂപയുമാണ്. 1,500 കോടി രൂപയുടെ ടോട്ടൽ പ്രോജക്ട് കോസ്റ്റിൽ 11 ശതമാനം എന്നുപറയുന്നത് 161 കോടി രൂപ അദ്ദേഹത്തിന്റെ വകയായി ഉണ്ടായിരിക്കണമെന്ന് സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിയാണ് നിഷ്കർഷിച്ചിരിക്കുന്നത്. ഇത് കേരളാ ഗവൺമെന്റ് ഉറപ്പുവരുത്തണമെന്നാണ് പറഞ്ഞിരിക്കുന്നത്. ഉള്ള ബാലൻസ് ഷീറ്റ് ഞാൻ ആദ്യമേ പറഞ്ഞിട്ടുണ്ട്. ഈ കാര്യം ഗൗരവകരമായ പരിശോധന അർഹിക്കുന്ന ഒരു ഭാഗമാണ്. പ്രൊമോട്ടർ കമ്പനിയായ കോർട്ടെക് കമ്പനിയുടെ നിയന്ത്രണം കെ. പി. പി. അസോസിയേറ്റ്സിന് ആയിരിക്കണമെന്നും കോർട്ടെക് കമ്പനി അതിനായി 51 ശതമാനം ഓഹരിയെങ്കിലും കെ. പി. പി. നമ്പ്യാർ ആന്റ് അസോസിയേറ്റ്സിന് ആയിരിക്കണമെന്നും ഉറപ്പുവരുത്തുന്നു. കെ. പി. പി. യും കോർട്ടെക്കും കൂടി, അതായത് ഞാൻ നേരത്തെ പറഞ്ഞതുപോലെ സി. ഇ. എ. യുടെ നിബന്ധനപ്രകാരം 161 കോടി രൂപ കൊണ്ടുവരണം. കോർട്ടെക്കിന്റെ സാമ്പത്തിക സ്ഥിതി ആദ്യം പറഞ്ഞതു പ്രകാരം എത്ര ലക്ഷമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇൻഡ്യാ ഗവൺമെന്റിന്റെ 22-10-1991-ലെ പ്രമേയത്തിൽ അനുശാസിക്കുന്നതുപോലെ പദ്ധതിയിലെ ഇകിറ്റിയുടെ 30 ശതമാനം പ്രൊമോട്ടർക്ക് ആകെയുള്ള ഷെയറിന്റെ മുപ്പതോ അല്ലെങ്കിൽ ടോട്ടൽ പ്രോജക്ട് പദ്ധതി തുകയുടെ 20 ശതമാനം, അതാണ് ആദ്യം പറഞ്ഞത്. കേരളാ ഗവൺമെന്റിന് സ്വീകാര്യനായ ഒന്നോ, അതിലധികമോ പങ്കാളിയേയോ, നിക്ഷേപകരെയോ ടെക്നോ ഇക്കണോമിക് ക്ലിയറൻസ് ലഭിച്ച് 6 മാസത്തിനകം കൊണ്ടുവരേണ്ടതുണ്ട്. വിദേശ പങ്കാളിയെ ഉൾപ്പെടുത്തുന്നതുമൂലം കെ. എസ്. ഇ. ബി. യുടെ വിദേശ നാണയ എക്സ്പോഷറിൽ, അതായത് വരുംകാല ബാധ്യതകൾ വർദ്ധിക്കാതിരിക്കുമെന്നും മുകളിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകൾ ഒരു കാരണവശാലും ഒഴിവാക്കുകയില്ല എന്നും കേരള സർക്കാർ ഉറപ്പു വരുത്തേണ്ടതാണ്. ഈ കണ്ടിഷനിലാണ് റ്റി. ഇ. സി. ലഭിച്ചിട്ടുള്ളത്. ഈ നിബന്ധനകൾ പാലിച്ചിട്ടുണ്ടോയെന്ന് കേരള ഗവൺമെന്റ് പരിശോധിക്കേണ്ടതും ഉറപ്പുവരുത്തേണ്ടതുമാണ്. ഇതിനു പുറമെ വിദേശപങ്കാളി സർക്കാരിന് സ്വീകാര്യമായിരിക്കണമെന്ന് റ്റി. ഇ. സി. പറയുന്നു. അതായത് മേൽവ്യവസ്ഥകൾ പാലിക്കുന്ന കമ്പനിയായാൽപോലും അത് സർക്കാരിന്റെ നയത്തിനും കേരളത്തിലെ ജനങ്ങളുടെ പൊതുതാൽപ്പര്യത്തിനനുസരിച്ച് ഗുണകരമാണോ

LIBRARY ARCHIVES Kerala Legislative Assembly

എന്ന് സർക്കാർ ഉറപ്പുവരുത്തേണ്ടതാണ്. ഈ നിലപാട് പൂർണ്ണമായും ശരിയാണെന്ന് കോടതിയിൽ ചോദ്യംചെയ്തതിനെത്തുടർന്ന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ സിംഗിൾ ബഞ്ച് അതിനെതിരായി വിധിക്ക് ഡിവിഷൻ ബഞ്ചിൽപോയി. ഡിവിഷൻ ബഞ്ച് ഉൾപ്പെടെ പരിശോധിച്ചുകൊണ്ട് സംസ്ഥാന ഗവൺമെന്റിന്റെ നിലപാടിനെ പൂർണ്ണമായും ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ശരിവച്ചുകഴിഞ്ഞിരിക്കുകയാണ്. കഴിഞ്ഞ ഒരാഴ്ചയ്ക്കുമുമ്പ് ഈ വിധി വന്നതിനു ശേഷമാണ് ശ്രീ. കെ. പി. പി. നമ്പ്യാർ പ്രസ് കോൺഫറൻസ് നടത്തിയത്. കേരളത്തിലെ ഇലക്ട്രിസിറ്റി ബോർഡിന്റെയും ഊർജ്ജരംഗത്ത് ജനങ്ങളുടെ പൊതുതാൽപ്പര്യത്തിന്റെയും കാര്യത്തിൽ ഒട്ടേറെ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്ന ഇത്തരം അമേരിക്കൻ ബഹുരാഷ്ട്രകുത്തകയുമായി കരാർ ഒപ്പിടാൻ പോകുമ്പോൾ കേരള ഗവൺമെന്റിനെ അറിയിക്കാത്ത ഒരു ഘട്ടമുണ്ടായിരുന്നു. പ്രധാനമന്ത്രി ശ്രീ. വാജ്പേയി അമേരിക്ക സന്ദർശിക്കുന്ന ഘട്ടത്തിൽ കരാർ ഒപ്പുവയ്ക്കാനിരുന്നതായിരുന്നു. അതുമുടങ്ങി എന്നൊക്കെ പറഞ്ഞ് വാസ്തവവിരുദ്ധമായി ശ്രീ. നമ്പ്യാർതന്നെ പത്രക്കാരോട് പറഞ്ഞു. പഞ്ചായത്ത് തെരഞ്ഞെടുപ്പിന്റെ സന്ദർഭത്തിലാണ് അത് പറഞ്ഞത്. അത് അടിസ്ഥാന രഹിതമായ കാര്യമാണ്. ഇവിടെ ശ്രീ. കെ. പി. പി. നമ്പ്യാർ അടിസ്ഥാനരഹിതമായ ആക്ഷേപങ്ങളാണ് പത്രങ്ങളിലൂടെ ഉന്നയിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2000 ഡിസംബർ 30-ാം തീയതി അദ്ദേഹം ഒരു ഒ. പി. (472 പേജുള്ള ഒ. പി) ഹൈക്കോടതിയിൽ സമർപ്പിച്ചു. പ്രസ്തുത ഒ. പി. യിൽ നിയമവിരുദ്ധമായ ആവശ്യങ്ങളാണ് ഉന്നയിച്ചിരുന്നതെങ്കിലും അത് നടപ്പാക്കാനുള്ള സമ്മർദ്ദങ്ങളെ എല്ലായ്പ്പോഴും എതിർത്തിരുന്നുവെന്നും പറയുകയുണ്ടായി. അതിൽ ഉന്നയിച്ചിരുന്ന നിയമവിരുദ്ധമായ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിനുള്ള സമ്മർദ്ദങ്ങൾ ലഭിച്ചപ്പോൾ ദുരൂഹത വച്ചുകൊണ്ട് അദ്ദേഹം എതിർത്തിരുന്നുവെന്നൊക്കെ കോടതിയിൽ ധാരാളം കാര്യങ്ങൾ പറഞ്ഞകൂട്ടത്തിൽ, നേരത്തെ ദുഃസൂചന വച്ചുകൊണ്ട് പറഞ്ഞ പോയിന്റ്സിനെ അടിസ്ഥാനമാക്കി പേരുപറയാതെ പരാമർശിച്ചിരുന്നു. നിക്ഷിപ്തതാൽപ്പര്യങ്ങളാലും ഭരണമുന്നണിയിലെ നേതാക്കന്മാർക്കിടയിൽ അഭിപ്രായവ്യത്യാസങ്ങളുണ്ടായിരുന്നുവെന്നുള്ളതുകൊണ്ടും കോടതിയിൽ അനുവാദം കിട്ടാത്തതിനുകാരണം അഭിപ്രായവ്യത്യാസമാണെന്നും അദ്ദേഹം കൊടുത്ത ഒ. പി. യിൽതന്നെ പറഞ്ഞിരുന്നു. ഈ വിഷയത്തിൽ തീരുമാനമെടുക്കാൻ കേരള ഗവൺമെന്റിന് അധികാരമില്ലെന്ന് അദ്ദേഹത്തിന്റെ വക്കീൽ കോടതിയിൽ വാദിക്കുകയും ചെയ്തു. ഈ കാര്യങ്ങളെല്ലാം വിശദമായി ബഹുമാനപ്പെട്ട ഹൈക്കോടതി പരിശോധിക്കുകയുണ്ടായി. കണ്ണൂർ പവർ പ്രോജക്ടുമായി ബന്ധപ്പെട്ട എല്ലാ ഫയലുകളും ബഹുമാനപ്പെട്ട ഹൈക്കോടതി ചീഫ് ജസ്റ്റീസ് ഉൾപ്പെടെയുള്ള ഡിവിഷൻ ബഞ്ചും സിംഗിൾ ബഞ്ചും പൂർണ്ണമായും ജുഡീഷ്യൽ സ്ക്രൂട്ടിനിയ്ക്ക് വിധേയമാക്കിക്കൊണ്ട് ശ്രീ. കെ. പി. പി. നമ്പ്യാരുടെ വാദങ്ങൾ ഹൈക്കോടതി തള്ളിക്കളയുകയാണ് ചെയ്തിട്ടുള്ളത്. അതു ചെയ്തിട്ട് ഒരാഴ്ചയായി.

LIBRARY ARCHIVES Kerala Legislative Assembly

എല്ലാ ഫയലുകളും ജുഡീഷ്യൽ സ്ക്രൂട്ടിനിക്ക് വിധേയമാക്കി. ഗവൺമെന്റ് എടുത്ത നടപടികൾ പൂർണ്ണമായും ബഹുമാനപ്പെട്ട ഹൈക്കോടതി ശരിവച്ചു. ഗവൺമെന്റ് ഇക്കാര്യത്തിൽ കണ്ട ഒരു പ്രിൻസിപ്പൽ അണ്ടർസ്റ്റാൻഡിംഗ് ദീർഘ കാലത്തേക്ക് ഏറ്റവും ചീപ്പസ്റ്റ് പവർ ഉറപ്പുവരുത്തണമെന്നതാണ്. എല്ലാ ഐ. പി. പി. പ്രോജക്ടുകളും ഒരു കോംപറ്റീറ്റീവ് റൂട്ടിലൂടെ സുതാര്യമായ ഒരു മാർഗ്ഗനിർദ്ദേശതത്വത്തിന്റെ അടിസ്ഥാനത്തിൽ ആരോഗ്യകരമായ മൽസരത്തിൽ ഏറ്റവും ചീപ്പസ്റ്റ് പവർ ഏതാണോ അത്തരം പദ്ധതികളായിരിക്കും പരിഗണിക്കുക എന്ന തത്വത്തിന്റെ അടിസ്ഥാനത്തിലുള്ള നിലപാടാണ് കേരള ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത് എന്നു പറഞ്ഞുകൊണ്ട് ഗവൺമെന്റിനു വേണ്ടിയുള്ള അഫിഡവിറ്റ് അഡ്വക്കേറ്റ് ജനറൽ മുഖേനയും, ബോർഡിനുവേണ്ടി മുൻ അഡ്വക്കേറ്റ് ജനറലായ അഡ്വക്കേറ്റ് കെ. സുധാകരൻ വഴിയും ഹൈക്കോടതിയിൽ സമർപ്പിക്കുകയുണ്ടായി. പൂർണ്ണമായും അഡ്വക്കേറ്റ് ജനറലിന്റെയും പ്രിൻസിപ്പൽ അഡ്വക്കേറ്റ് ജനറലിന്റെയും വാദഗതികൾ കേട്ടിട്ട് നയപരമായി ഗവൺമെന്റിന്റെ വാദഗതികളെ ഹൈക്കോടതി ശരിവച്ചിരിക്കുകയാണ്. ഇത്തരം സാഹചര്യത്തിൽ പഞ്ചായത്ത് ഇലക്ഷൻ വന്നു. പത്ര സമ്മേളനം നടത്തി. അന്ന് പറഞ്ഞത് 15 കോടിരൂപ മതിയെന്നാണ്. പഞ്ചായത്ത് ഇലക്ഷന്റെ സമയത്ത് ആരോ, എവിടെയോ ഒരു ഫോൺ ചെയ്തിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ എന്തോ ചെയ്യാനെന്നൊക്കെയാണ് ഈ പ്രോജക്ടിനെക്കുറിച്ച് കേരള ഗവൺമെന്റിന് മുൻവിധികളൊന്നുമില്ല. ഒറ്റകാര്യമേ അടിസ്ഥാന തത്വത്തിലുള്ളൂ. ചീപ്പസ്റ്റ് പവറായിരിക്കണം. അത് സുതാര്യമായ മാർഗ്ഗനിർദ്ദേശക തത്വത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ ജനങ്ങളുടെ ഭാവി, മൂന്നുകോടി ജനങ്ങളോട് കടപ്പെട്ട ഒരു മാർഗ്ഗനിർദ്ദേശകതത്വത്തിന്റെ അടിസ്ഥാനത്തിലായിരിക്കും ഈ പ്രശ്നം നോക്കിക്കാണുന്നത്. പ്രത്യേകമായ ഒരു സ്നേഹമോ വിരോധമോ ഈ കാര്യത്തിലില്ല. എൻറോണിനെ സംബന്ധിച്ച് ടെക്നോ ഇക്കണോമിക് ക്ലിയറൻസിൽ സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി പറഞ്ഞിട്ടുള്ള കാര്യങ്ങളുടെ പശ്ചാത്തലത്തിൽ ഗവൺമെന്റ് ഇത് പരിശോധിക്കും. ഈ പ്രോജക്ട് തള്ളിയിട്ടില്ല. അതേയവസരത്തിൽ ഇതിനെ അംഗീകരിച്ചുകൊണ്ടുള്ള അനുവാദവും കൊടുത്തിട്ടില്ല. കോടതിതന്നെ പറഞ്ഞിട്ടുണ്ട്, മൂന്നുമാസത്തിനുള്ളിൽ തീരുമാനമെടുക്കുമെന്ന്. അതനുസരിച്ച് ഏപ്രിൽ 2- ന് മൂന്നുമാസമാകും. ഇതിൽ ഒരു തീരുമാനമെടുക്കാനുണ്ട്. കേരള ഗവൺമെന്റ് ഉന്നയിച്ച എല്ലാവാദങ്ങളും ബഹുമാനപ്പെട്ട ഹൈക്കോടതി ശരിവയ്ക്കുകയും ചെയ്തിട്ടുണ്ട്. ഇവിടെ 'കാള പെറ്റു എന്നു കേൾക്കുമ്പോൾ കയറെടുക്കരുത്.' എടുക്കാൻ പാടില്ല. മുൻവിധികളൊന്നും ഈ പ്രശ്നത്തിലില്ല. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളവും അങ്ങനെയില്ല. ഊർജ്ജവികസന രംഗത്ത് ഉത്തരകേരളമെന്നോ, മധ്യകേരള മെന്നോ, തെക്കൻ കേരളമെന്നോ വ്യത്യാസമില്ലാതെ സന്തുലിതമായ വികസനനയം സ്വീകരിക്കുമെന്നുള്ളത് നയപരമായ കാര്യമാണ്. കുറ്റ്യാടി എക്സ്റ്റെൻഷന്റെ-75

LIBRARY ARCHIVES Kerala Legislative Assembly

മെഗാവാട്ടിന്റെ സ്ഥാനത്ത് പുതിയ 50 മെഗാവാട്ട്കൂടി കമ്മിഷൻ ചെയ്തു. പുതിയ 100 മെഗാവാട്ടിന്റെ ഒരു പദ്ധതി കൂടി ചോദിക്കാൻ പോകുന്നു. കോഴിക്കോട് ഡീസൽ നിലയം കമ്മിഷൻ ചെയ്തു. കാസർഗോഡ് 20 മെഗാവാട്ടിന്റെ ഒരു പദ്ധതി ഈ വരുന്ന 6-ാം തീയതി മുഖ്യമന്ത്രി കമ്മീഷൻ ചെയ്യും. മുമ്പ് ഇടുക്കിയിൽ വൈദ്യുതി ഉൽപ്പാദിപ്പിച്ച് കാസർഗോഡ് എത്തുമ്പോൾ വോൾട്ടേജ് വളരെ കുറവായിരിക്കും. കേരളത്തിൽ എവിടെ ഉൽപ്പാദിപ്പിച്ചാലും....കാസർഗോടെന്നോ, പാറശ്ശാലയെന്നോ വ്യത്യാസമില്ലാതെ സന്തുലിതമായ ട്രാൻസ്മിഷൻ ലൈൻ സ്ട്രെങ്തെൻ ചെയ്തുകൊണ്ടുള്ളതുൾപ്പെടെ സംസ്ഥാനത്തിന്റെയാകെ വികസനത്തിന് ചീപ്സ്റ്റ് പവർ ഏതാണോ അതൊരു ബേസിക് പ്രിൻസിപ്പലായിട്ട് കണക്കാക്കണം. ഇലക്ഷൻ സമയത്ത് ആർക്കെങ്കിലും എതിരായി ഹൈക്കോടതി വരെ തള്ളിക്കളഞ്ഞ ഒരു പ്രശ്നത്തെ അടിസ്ഥാനമാക്കി ഏതെങ്കിലും തരത്തിലുള്ള വിരോധംവച്ചുകൊണ്ട് ഒരാൾ പത്രസമ്മേളനം നടത്തിയാൽ അതിനെ ഏറ്റുപിടിച്ചുകൊണ്ട് വിവാദത്തിലേക്ക് പോകുന്നത് കേരളത്തോട് ഉത്തരവാദിത്വമുള്ള രാഷ്ട്രീയ പാർട്ടിയുടെ നേതൃത്വം എന്നുള്ള നിലയിൽ പ്രതിപക്ഷ നേതൃത്വത്തിന് നല്ലതല്ല. ഈ കാര്യത്തെ കാര്യമായി കാണണം. എന്നെ സംബന്ധിച്ചിടത്തോളവും ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളവും അതാണ് പറയാനുള്ളത്. ബഹുമാനപ്പെട്ട ഡൊമിനിക് പ്രസന്റേഷൻ പറയുകയുണ്ടായി, മന്ത്രിയുടെ ഓഫീസിൽ ഒളിച്ചുകളി, ദുരൂഹത എന്നൊക്കെ. ജുഡീഷ്യൽ സ്ക്രൂട്ടിനിക്ക് എല്ലാ ഫലയലുകളും വിധേയമാക്കി. ശ്രീ. നമ്പ്യാർ പറഞ്ഞ ആർഗ്യുമെന്റ് വച്ചാണ് കോടതി ഫയൽ വിളിപ്പിച്ചത്. ഗവൺമെന്റ് ഭാഗത്തുനിന്ന് ഒരു വീഴ്ചയും സംഭവിച്ചതായി ഹൈക്കോടതി പറഞ്ഞിട്ടില്ല. മാത്രമല്ല നയപരമായ തീരുമാനം ഹൈക്കോടതി സ്വീകരിക്കുകയാണ് ചെയ്തിട്ടുള്ളത്. പുകമറ സൃഷ്ടിക്കാൻ ശ്രമിച്ചിട്ടുള്ളതിനെ ഹൈക്കോടതി തള്ളിക്കളഞ്ഞില്ലേ. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ സിംഗിൾ ബഞ്ച് ശ്രീ. നമ്പ്യാർ പറഞ്ഞതിനെ തള്ളിക്കളഞ്ഞു. അതിനെതിരായി ഫുൾബെഞ്ചിൽ പോയി. ഫുൾ ബെഞ്ചും ശ്രീ. കെ. പി. പി. നമ്പ്യാർ പറഞ്ഞ വാദഗതികൾ തള്ളിക്കളഞ്ഞുകൊണ്ടുള്ള നിലപാടാണെടുത്തത്. ബഹുമാനപ്പെട്ട ഹൈക്കോടതി ഇങ്ങനെ ഒരു നിലപാടെടുത്തത് ഇടനിലക്കാരന്റെ കമ്മിഷൻ കിട്ടാത്തതുകൊണ്ടാണെന്ന് ശ്രീ. നമ്പ്യാർ പറഞ്ഞാൽ നിങ്ങൾ ഏറ്റുപറയുമോ ? ബഹുമാനപ്പെട്ട ഹൈക്കോടതിയല്ലേ പറഞ്ഞത്. കേന്ദ്ര പവ്വർ പ്രോജക്ടിനെ സംബന്ധിച്ച് ഒരു വിരോധമോ, ഒരു സ്നേഹമോ ഇല്ല. പൊതു താൽപ്പര്യമാണുള്ളത്. ഇഷ്യൂസിന്റെ മെറിറ്റ് പൊതുതാൽപ്പര്യമാണ്. അതായത് ഏറ്റവും വില കുറഞ്ഞ വൈദ്യുതി എന്നതു മാത്രമാണ്. അതിന്റെ അടിസ്ഥാനത്തിൽ ആ കോംപറ്റിറ്റീവ് റൂട്ടിൽ എല്ലാവർക്കും പങ്കാളിയാകാം. ഏറ്റവും വിലകുറഞ്ഞ വൈദ്യുതി നൽകുന്നത് ആരാണോ അവരെയായിരിക്കും പരിഗണിക്കുക. അത് പ്രത്യേകിച്ചു പറയേണ്ട കാര്യമില്ല. കുറഞ്ഞ വിലയ്ക്ക് വൈദ്യുതി എന്ന അടിസ്ഥാനതത്വം

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിലെ ജനങ്ങളോട് കടപ്പെട്ട നയത്തിന്റെ ഭാഗമാണ്. ഈ ദിശയിൽ നിന്നുകൊണ്ട് ശരിയായ നയം ഏതെങ്കിലും തരത്തിൽ തെറ്റിദ്ധരിക്കാനിടവരുന്ന വിധത്തിൽ, ഒരാൾ ഫോൺ ചെയ്തുവെന്നുപറഞ്ഞുകൊണ്ട് കൊടുത്തുവെന്നോ, വാങ്ങിച്ചുവെന്നോ അല്ല. ഹൈക്കോടതി വിധിയാണ്. ശ്രീ. കെ. പി. പി. നമ്പ്യാരുടെ എല്ലാ വാദങ്ങളും തള്ളിക്കളഞ്ഞുകൊണ്ടല്ലേ ഹൈക്കോടതി വിധിച്ചത്. അപ്പോൾ കേരളത്തിലെ ജനങ്ങളെ വിസ്മരിച്ചുകൊണ്ട് ഏതെങ്കിലും വിധത്തിലുള്ള സമീപനം ബഹുമാനപ്പെട്ട പ്രതിപക്ഷം സ്വീകരിക്കരുത്. ആരുടെയെങ്കിലും പത്രപ്രസ്താവനകളെ അടിസ്ഥാനമാക്കിക്കൊണ്ട് ഉത്തരവാദിത്വമില്ലാതെ പ്രതികരിക്കുന്ന രീതി ഉണ്ടാകാൻ പാടില്ല. ഈ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം .... ശ്രീ. വി. എസ്. അച്യുതാനന്ദനെ സംബന്ധിച്ചു പറയുകയാണെങ്കിൽ അദ്ദേഹത്തിന്റെ ജീവിതം ഒരു തുറന്ന പുസ്തകമാണ്. അദ്ദേഹത്തിന്റെ ജീവിതത്തിൽ നേരിട്ട് വെടിവച്ചാൽ ഏൽക്കുകയില്ല. അതുകൊണ്ട് ഒരു ഉണ്ടയില്ലാത്ത വെടി, ഒരു തെരഞ്ഞെടുപ്പിനെ ലക്ഷ്യംവച്ചുകൊണ്ട് വേറെ രൂപത്തിൽ ഉന്നയിക്കുകയാണ് ചെയ്തിട്ടുള്ളത്. അത് ഗ്രഹണസമയത്ത് ഞാഞ്ഞൂലുകൾ പ്രത്യക്ഷപ്പെടുന്നതുപോലെ രാഷ്ട്രീയത്തിലെ ഗ്രഹണം ആണ്. പഞ്ചായത്ത് തെരഞ്ഞെടുപ്പുവന്നപ്പോൾ ഞാഞ്ഞൂലുകൾ പ്രത്യക്ഷപ്പെട്ടതുപോലെ വരാൻ പോകുന്ന അസംബ്ലി തെരഞ്ഞെടുപ്പിൽ പ്രത്യക്ഷപ്പെട്ട ഗ്രഹണങ്ങൾ ഞാഞ്ഞൂലിന്റെ രൂപത്തിൽ മാത്രമേ ശ്രീ. നമ്പ്യാരുടെ പ്രസ്താവനയെ ഞാൻ കണക്കാക്കുന്നുള്ളൂ എന്ന് ഈ സന്ദർഭത്തിൽ വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്. ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞ കാര്യങ്ങൾക്ക് എനിക്കു മുമ്പ് ചുമതല നിർവഹിച്ചിരുന്ന ശ്രീ. പിണറായി വിജയൻ ഇവിടെ വ്യക്തമായി മറുപടി പറഞ്ഞിട്ടുള്ളതാണ്. ഈ സഭയിൽതന്നെ ഞാനും അതിന് വ്യക്തമായി മറുപടി പറഞ്ഞിട്ടുള്ളതാണ്. അത്തരം മറുപടിയർഹിക്കുന്നതായ പ്രശ്നങ്ങൾ അതിലില്ല.

മി. സ്പീക്കർ : ഓർഡർ..... ഓർഡർ ..... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30 ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2001 ഫെബ്രുവരി 28-ാം തീയതി ബുധനാഴ്ച രാവിലെ 8.30 - ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 6.30 ന് പിരിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly